DESPATCHED
On 6/3/23

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 764(2)/2019**/എസ്.ഐ.സി
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **14282**/എസ്.ഐ.സി-ജി 6/19)

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| **ശ്രീ. ഇബ്രാഹിം എം.,<br>മച്ചിയിൽ (വീട്),<br>കോണൊട്ട് പി.ഒ.,കുന്ദമംഗലം,<br>കോഴിക്കോട് – 673 571.** | **പരാതി ഹർജിക്കാരൻ** |

**Vs**

| | |
|---|---|
| **1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&<br>ജില്ലാ മെഡിക്കൽ ഓഫീസ്(ആ),<br>വയനാട്, മാനന്തവാടി,<br>പിൻ – 670 645.<br><br>2. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&<br>സൂപ്രണ്ട്,<br>ഗവ.ജനറൽ ഹോസ്പിറ്റൽ,<br>വയനാട്, കൽപ്പറ്റ – 673 122.** | **എതിർകക്ഷികൾ** |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 29.04.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 20.05.2019 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | – |
| അപ്പീലിന് മറുപടി നൽകിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 26.08.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 29.08.2019 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. ഇബ്രാഹിം, 26.08.2019ന് സമർപ്പിച്ച പരാതി ഹർജി 29.08.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.764(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയില്ലെന്നാണ്.

3. പരാതി ഹർജിക്കാരൻ 29.04.2019ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ടിയാൻ അടിപിടി കേസിൽ പരിക്കുപറ്റി 16.09.2010 മുതൽ 18.09.2010വരെ IP3662 ആയി കല്പറ്റ ഗവൺമെന്റ് ഹോസ്പിറ്റലിൽ ചികിത്സയിൽ കിടന്നിരുന്നുവെന്നും ടിയാന് പ്രസ്തുത കേസുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കായി ടിയാന്റെ വൂണ്ട് സർട്ടിഫിക്കറ്റിന്റെ ശരിപകർപ്പ് അനുവദിച്ച് നൽകണമെന്നുമാണ്.

3. ആയതിന് 20.05.2019ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, മേൽപ്പടി വ്യക്തി 16.09.2010ന് ടി ആശുപത്രിയിൽ അഡ്മിറ്റാവുകയും ചികിത്സ നേടുകയും 18.09.2010ന് ഡിസ്ചാർജ്ജാവുകയും ചെയ്തിട്ടുണ്ടെങ്കിലും രജിസ്റ്ററുകളുടെ പരിശോധനയിൽ എം.എൽ.സി. കേസായി രജിസ്റ്റർ ചെയ്തതായി കാണാൻ കഴിഞ്ഞിട്ടില്ലെന്നുമാണ് അറിയിച്ചത്.

4. ഒന്നാം എതിർകക്ഷി 09.01.2020ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ 30.04.2019ന് ടി സ്ഥാപനത്തിൽ നൽകിയ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിന്മേൽ ആവശ്യപ്പെട്ട മറുപടി ടി സ്ഥാപനത്തിൽ ലഭ്യമല്ലാത്തതിനാൽ ലഭ്യമായ കൽപ്പറ്റ ഗവ.ജനറൽ ആശുപത്രിയിലെ എസ്.പി.ഐ.ഒ.യ്ക്ക് 09.05.2019ന് മറുപടി നൽകുന്നതിനായി നിർദ്ദേശം നൽകുകയും വിവരം അപേക്ഷകനെ 13.05.2019ലെ കത്തു പ്രകാരം ടി ഓഫീസിൽ നിന്നും അറിയിക്കുകയും ചെയ്തതാണെന്നും ആയതിനുള്ള മറുപടി 20.05.2019ലെ നമ്പർ സി 331/19 ജനറൽ ആശുപത്രി കൽപ്പറ്റ എന്ന കത്തു പ്രകാരം ഹർജിക്കാരന് അയച്ചുകൊടുത്തിട്ടുണ്ടെന്നാണ്.

കൂടാതെ അപേക്ഷകൻ 22.04.2019ന് കൽപ്പറ്റ ജനറൽ ആശുപത്രിയിലെ എസ്.പി.ഐ.ഒ. നേരിട്ട് നൽകിയ അപേക്ഷയിൽ വിവരങ്ങൾ ലഭിക്കുന്നതിനായി ടിയാൻ ആദ്യം ചികിത്സ തേടിയ ആശുപത്രിയായ വൈത്തിരി താലൂക്ക് ആശുപത്രിയിലെ എസ്.പി.ഐ.ഒ.യെ സമീപിക്കേണ്ടതാണെന്ന് 04.05.2019ലെ കത്തു പ്രകാരം ഹർജിക്കാരനെ അറിയിച്ചിരുന്നുവെന്നാണ്. കൂടാതെ ടി സ്ഥാപനത്തിലെ 19.09.2019ലെ ഇതേ നമ്പർ കത്തു പ്രകാരം ടിയാൻ ആവശ്യപ്പെട്ട wound certificate ന്റെ പകർപ്പ് ഹർജിക്കാരന് നേരിട്ട് അയച്ചുകൊടുക്കുന്നതിനായി നിർദ്ദേശം നൽകുകയും ചെയ്തിരുന്നുവെന്ന കാര്യം കമ്മീഷനെ അറിയിച്ചുകൊള്ളുന്നുവെന്നും ടി ഓഫീസിൽ നിന്നും നൽകിയ മറുപടി കോപ്പിയും കൽപ്പറ്റ ജനറൽ ആശുപത്രി, വൈത്തിരി താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ നിന്നും ടിയാന് നൽകിയ മറുപടികളുടെ പകർപ്പും ഇതോടൊപ്പം സമർപ്പിക്കുന്നുവെന്നുമാണ്.

5. 03.02.2023 തീയതി കമ്മീഷൻ വീഡിയോ കോൺഫറൻസിംഗ് വഴി നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരൻ ഹാജരായില്ല. എതിർകക്ഷി ഹാജരായിരുന്നു.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. മറുപടി ലഭ്യമാക്കിയില്ലെന്നാണ് കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധ രേഖകളും 03.02.2023ലെ റിപ്പോർട്ടും പരിശോധിച്ചതിൽ, പ്രസ്തുത റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ടി റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് അയച്ചുകൊടുക്കണമെന്ന നിർദ്ദേശത്തോടെ ഈ പരാതി ഹർജി ഇന്നേദിവസം 2023 ഫെബ്രുവരി 28-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**
Ge/